# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3196          19.06.2018 ലെ മറുപടിക്ക്

## അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തലിന് പിഴ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ഡോ:കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തലിന് പിഴയീടാക്കുന്ന ഇനത്തിൽ മുൻവർഷത്തെക്കാൾ കൂടുതലായി ലഭിച്ച വരുമാനം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 15.02.2018-ലെ ജി.ഒ.(പി)നം.11/2018/തസ്വഭവ, ജി.ഒ.(പി)നം.12/2018/തസ്വഭവ എന്നിവ പ്രകാരം വിജ്ഞാപനം ചെയ്ത അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തൽ ചട്ടങ്ങൾ 2018-ന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നടപടികൾ പൂർത്തിയായിട്ടില്ല. അതിനാൽ ക്രമപ്പെടുത്തലിന് പിഴ ഈടാക്കിയ വരുമാനം തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) അനധികൃത നിർമ്മാണം ക്രമപ്പെടുത്തുന്നതിനായി നിലവിൽ പാലിക്കുന്ന നടപടിക്രമം വിശദമാക്കുമോ; | (ബി) 15.02.2018-ലെ ജി.ഒ.(പി)നം.11/2018/തസ്വഭവ, ജി.ഒ.(പി)നം.12/2018/തസ്വഭവ എന്നിവ പ്രകാരം വിജ്ഞാപനം ചെയ്ത അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തൽ ചട്ടങ്ങൾ 2018-ലെ ചട്ടം 3 പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതും ചട്ടം 4 പ്രകാരം ഫീസ് അടവാക്കേണ്ടതുമാണ്. തുടർന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച അപേക്ഷ സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചുകൊടുക്കേണ്ടതും അത് ചട്ടം 6(9) പ്രകാരം ജില്ലാതലത്തിൽ രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച് അപേക്ഷയിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്. |
| (സി) ക്രമപ്പെടുത്തലിന്റെ മറവിൽ അനധികൃത നിർമ്മാണങ്ങൾ ഏറുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടോ; അനധികൃത നിർമ്മാണം തടയുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന സംവിധാനം എന്താണ്? | (സി) ഇല്ല; കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 148 പ്രകാരവും നിയമവിരുദ്ധ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ